ഒരു ഗ്രാമ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. 100 അടി കെട്ടിടം മാത്രമേ ഇപ്പോൾ അവിടെയുള്ളു. 160 അടി കെട്ടിടം കൂടി ഉണ്ടായാലെ ഇത്രയും കുട്ടികൾക്ക് അവിടെയിരുന്നു പഠിക്കാൻ നിർവ്വാഹമുള്ളു. ഈ സർക്കാറിന്റെ തല തിരിഞ്ഞ നയം കൊണ്ട്, കഴിഞ്ഞ സർക്കാർ അവിടെ അനുവദിച്ച സ്കൂൾ കെട്ടിടത്തിന്റെ പണി നിർത്തിവച്ചിരിക്കയാണ്. കഴിഞ്ഞ നാല് നാലര വർഷമായി ഈ സ്കൂളിന് കെട്ടിടം പണിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി. റ്റി. എ. യും അതു പോലെതന്നെ നാട്ടുകാരും നിരന്തരമായി നിവേദനം നടത്തുകയും സമരം ചെയ്യുകയും ചെയ്തിട്ടുപോലും ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചില്ല. എത്രയും പെട്ടെന്നു തന്നെ സ്കൂളിന്റെ പണി ആരംഭിക്കണമെന്നും, റോഡിന്റെ അരികിൽ സ്ഥിതി ചെയ്യുന്ന ആ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഒരു കോമ്പൗണ്ട് വാൾ നിർമ്മിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച പണിയൊന്നും ഈ ഗവൺമെന്റ് നിർത്തിവെച്ചില്ലെന്നു മാത്രമല്ല, അത് പൂർത്തിയാക്കുകയും, ധാരാളം സ്കൂളുകൾക്ക് ഈ ഗവൺമെന്റ് വന്ന ശേഷം കെട്ടിടം കെട്ടി കൊടുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച സ്ക്കൂളിന് കോമ്പൗണ്ട് വാൾ കെട്ടുന്നതിനുവേണ്ടി 38,000 രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചു, അതനുസരിച്ച് തുക അനുമതി കൊടുത്തിട്ടുണ്ട്, അത് ടെണ്ടർ ചെയ്യാനുള്ള ഫർത്തടും ചെയ്തിട്ടുണ്ട്. കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(29) കടുത്തുരുത്തി, ഏറ്റുമാനൂർ നിയോജകമണ്ഡലങ്ങളിലെ സമഗ്ര ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ഏറ്റുമാനൂർ, നീണ്ടൂർ, അതിരംപുഴ, ആർപ്പൂക്കര, കാണക്കാട്, മാഞ്ഞൂർ എന്നീ പഞ്ചായത്തുകൾ കടുത്തുരുത്തി, ഏറ്റുമാനൂർ നിയോജകമണ്ഡലങ്ങളിലായി സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തുകൾക്കുവേണ്ടി സമഗ്രമായ ശുദ്ധജല വിതരണ പദ്ധതി മീനച്ചലാറിൽ, പട്ടണപ്പാലത്ത് പമ്പ് ചെയ്യത്തക്ക വിധത്തിലുള്ള ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. 433 ലക്ഷം രൂപയുടെ സ്കീം ആദ്യം തയ്യാറാക്കുകയും, പിന്നെ റിവൈസ് എസ്റ്റിമേറ്റ് അനുസരിച്ചുള്ള ഒരു പദ്ധതിക്ക് ആവശ്യമായ അനുമതി കേന്ദ്രത്തിൽ നിന്നും വാങ്ങിക്കൊടുക്കുന്നതിനും, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളായ കർഷകരും കർഷകത്തൊഴിലാളികളും അധിവസിക്കുന്ന പാലായിലും, ഏറ്റുമാനൂരും, കടുത്തുരുത്തിയിലും ശുദ്ധജലം ലഭിക്കുന്നതിനു വേണ്ടിയുമുള്ള നടപടി സ്വീകരിക്കണം. കാണക്കാരിയിലും, കടുത്തുരുത്തിയിലും, കുഴൽകിണർ നിർമ്മിച്ച് വേഗം തന്നെ വെള്ളം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പാലായിൽ അല്ല എങ്കിൽപ്പോലും ഏറ്റുമാനൂർ, നീണ്ടൂർ, അതിരംപുഴ, ആർപ്പൂക്കര, കാണക്കാട്, മാഞ്ഞൂർ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിന് അങ്ങേയറത്തെ താൽപ്പര്യം ഗവൺമെന്റിനുണ്ട്. 412 ലക്ഷം രൂപയ്ക്കുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായാൽ സെൻട്രൽ ഗവൺമെന്റിനയച്ച് സാംഗ്ഷൻ കിട്ടുന്ന മുറയ്ക്കു വിഭവപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇക്കാര്യങ്ങൾ ഏറെടുക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(30) ഇരട്ടയാർ ഡാമിന്റെ പണി പൂർത്തിയാകുമ്പോൾ നഷ്ടപ്പെടുന്ന റോഡിനുപകരം മറ്റൊരു റോഡുണ്ടാക്കണമെന്നയാവശ്യം

ശ്രീ. എം. ജിനദേവൻ : സർ, ഇടുക്കി ജലവൈദ്യുതപദ്ധതിയുടെ 3-ാം ഘട്ടമായ ഇരട്ടയാർ ഡാമിന്റെ പണി പൂർത്തിയാകുന്നതോടുകൂടി ഇപ്പോൾ ഇരട്ടയാറിലെ ജനങ്ങൾ ഉപയോഗിക്കുന്ന റോഡ് വെള്ളത്തിനടിയിൽ ആകും. ഇട്ടിത്തോപ്പ്, ചെമ്പകപ്പാറ, പാണിക്കാനം തുടങ്ങിയ പ്രദേശങ്ങൾ എല്ലാം ഇരട്ടയാർ നോർത്തിൽ വന്നിട്ടാണ് ഇരട്ടയാർ ടൗണിലേക്ക് പോകുന്നത്. ഇരട്ടയാർ ടൗണിലാണ് ബസ് സ്റ്റാന്റ്, പോസ്റ്റാപ്പീസ്, സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം. ഈ റോഡ് വെള്ളത്തിനടിയിലാകുമ്പോൾ ആളുകൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് ഡാമിന്റെ പണി വളരെ വേഗം പൂർത്തിയാക്കുന്നതിനുവേണ്ടി തൊഴിലാളികളും, നാട്ടുകാരും എല്ലാം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ രണ്ടു മാസം കൊണ്ട് പണി പൂർത്തിയാക്കി, അടുത്ത സീസണിൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ആത്മാർത്ഥമായ പരിശ്രമം അവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ റോഡ് നഷ്ടമാകുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ പകരം ഒരു റോഡ് ഉണ്ടാക്കിക്കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കഭ്യർത്ഥിക്കാനുള്ളത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഇരട്ടയാർ ഡാം ഏറെറടുത്തശേഷം 3 പാലങ്ങൾ പണിതുകഴിഞ്ഞു. നേരത്തെ പ്രതീക്ഷിച്ചതല്ല. അവിടത്തെ കർഷകസമിതി ഇതിനൊരു റോഡ് ഉണ്ടാക്കിതരാം എന്നു പറഞ്ഞു. പക്ഷെ ഇതുവരെ ഉണ്ടാക്കിതന്നില്ല. ആ മാതിരി വാഗ്ദാനങ്ങൾ ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഈ റോഡ് ഏറെറടുത്താൽ അതിന് അനേകലക്ഷം രൂപ ചെലവ് വരും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ട് ഒരു കാര്യം ഉറപ്പുകൊടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ റോഡിന് ആവശ്യമായ സ്ഥലം തന്നാൽ റോഡ് നിർമ്മിച്ചുതരാം. ഇനിമേലാൽ ഇങ്ങനെയുള്ള ആവശ്യം ഉന്നയിക്കരുതേ, ആദ്യം ഒരു പാലം വേണമെന്ന് പറഞ്ഞു, പിന്നെ 2 പാലം വേണമെന്നു പറഞ്ഞു, ഞാൻ വന്നതിനുശേഷം 3 പാലമായി. ഇങ്ങനെയെല്ലാദിവസവും പാലവും റോഡും വേണമെന്ന് പറഞ്ഞാൽ ഇലക്ട്രിസിറ്റി ബോർഡിന് ചെയ്യാനുള്ള ബാദ്ധ്യതയില്ല, എന്നാലും ഈ റോഡും കൂടെ നിർമ്മിച്ചുതരുന്നതിനുള്ള നടപടി ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിക്കുന്നതാണ്. പക്ഷെ പൊന്നും വില കൊടുക്കണം എന്നു പറയരുത്.

LIBRARY ARCHIVES Kerala Legislative Assembly